
# MTUPS THURUTHIKARA

M.T.U.P.S THURUTHIKARA - SASTHAMKOTTA - KOLLAM
70 YEARS
SAPTHATHI
1950 2020

# ACADEMIC MASTER PLAN 2025 - 2026

M.T.U.P.S
Date
..........................
Pin: 690540
THURUTHIKARA



# സ്കൂളിന്റെ ഹ്രസ്വചരിത്രം

കുന്നത്തുനാട് താലൂക്കിന്റെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന കുന്നത്തുനാട് വില്ലേജിൽ തുരുത്തിക്കര എന്ന ഗ്രാമത്തിൽ 1950-ൽ തുരുത്തിക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ നേതൃത്വത്തിൽ ഈ വിദ്യാലയം ആരംഭിച്ചു. തുടർന്ന് മാർത്തോമാ കോർപറേറ്റ് മാനേജ്മെന്റിന് സ്കൂൾ വിട്ടുകൊടുത്തു. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. കെ. ഉമ്മൻ അവർകളായിരുന്നു. തുടർന്ന് ശ്രീ. ജെ. ലൂക്കോസ്, ശ്രീ. വി. എൻ. തോമസ്, ശ്രീ. പി. റ്റി. എബ്രഹാം, ശ്രീ. വൈ. തോമസ്, ശ്രീ. ഷാജൻ. പി. സക്കറിയ എന്നിവർ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു. 2025 ജൂൺ മുതൽ ശ്രീ. ജോജൻ. ജെയി പണിക്കർ ഹെഡ്മാസ്റ്ററായി പ്രവർത്തിക്കുന്നു. ഈ പ്രദേശത്ത് സ്ഥാപിതമായ ആദ്യത്തെ സരസ്വതി ക്ഷേത്രമെന്ന നിലയിൽ സമൂഹത്തിന്റെ നാനാതുറകളിൽ പ്രവർത്തിക്കുന്ന പ്രമുഖ വ്യക്തികളെ വാർത്തെടുക്കുന്ന ഈ വിദ്യാലയം ഈ നാടിനാഭിമാനമായി നിലനില്ക്കുന്നു. ഒന്നര ഏക്കർ സ്ഥലത്ത് സ്ഥാപിച്ച ഈ വിദ്യാലയത്തിന് രണ്ട് പ്രധാന കെട്ടിടങ്ങളും ഒരു കമ്പ്യൂട്ടർ ലാബും ഉണ്ട്.

# പ്രൊഫൈൽ

സ്കൂളിന്റെ പേര് : എം.റ്റി.യു.പി.സ്കൂൾ തുരുത്തിക്കര

വാർഡ് : വാർഡ് XV

ക്ലസ്റ്റർ : ഗവൺമെന്റ് എൽ.പി.എസ് നെടിയവിള

പഞ്ചായത്ത് : കുന്നത്തൂർ

ബ്ലോക്ക് : ശാസ്താംകോട്ട

ജില്ല : കൊല്ലം

പ്രധാനാധ്യാപകന്റെ പേര് : ജോൺസൺ ജോയി പണിക്കർ

ഫോൺ നമ്പർ : 9747770492

M.T.U.P.S
Date ..................
Pin: 690540
THURUTHIKARA

# പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ

| പ്രവർത്തനം | ചുമതലക്കാർ |
|---|---|
| 7-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അടിസ്ഥാന വിദ്യാഭ്യാസ സൗകര്യം ഉറപ്പു വരുത്തുന്നു. | അദ്ധ്യാപകർ എൽ.എ.സി |
| കലാകായിക പ്രവൃത്തി പരിചയ മേളയിലെ പ്രത്യേക പരിശീലനം | അദ്ധ്യാപകർ |
| പഠനപ്രോജക്ടുകൾക്ക് സഹായം നൽകൽ | അദ്ധ്യാപകർ |
| സ്വയം തൊഴിൽ പരിശീലനങ്ങൾ സോപ്പുനിർമ്മാണം, ജൈവ പച്ചക്കറി കൃഷി, തടിയിൽ കൊത്തുപണി | അദ്ധ്യാപകർ പി.ടി.എ |

# വിദ്യാലയത്തിലെ ഐടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് |
|---|---|
| കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | 3 |
| ലാപ്ടോപ്പ് | 5 |
| പ്രൊജക്ടർ | 4 |
| റേഡിയോ | ഇല്ല |
| ടി വി | ഉണ്ട് |
| ഡി വി ഡി പ്ലെയർ | ഇല്ല |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് |
| വെബ്സൈറ്റ് | ഉണ്ട് |
| ഇ-മെയിൽ ഐ.ഡി | ഉണ്ട് |
| സ്മാർട്ട് ക്ലാസ് റൂം | ഉണ്ട് |

# കുട്ടികളുടെ എണ്ണം

| വിഭാഗം | V | | VI | | VII | |
|---|---|---|---|---|---|---|
| | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 9 | 7 | 16 | 22 | 11 | 10 |
| ആകെ | 16 | | 38 | | 21 | |

| വിഭാഗം | അധ്യാപകർ - നിലവിലെ അവസ്ഥ | സ്ഥിര അധ്യാപകർ |
|---|---|---|
| യു. പി. വിഭാഗം | അധ്യാപകരുടെ എണ്ണം - 6 | 4 |

ചരിത്ര പഠനവുമായി ബന്ധപ്പെട്ട് ഇന്ത്യയെ അറിയുക, സെമിനാറുകൾ, ചർച്ചകൾ, പോസ്റ്റർ രചന ക്വിസ് കളികൾ മുതലായവ സംഘടിപ്പിക്കണം.

സയൻസുമായി ബന്ധപ്പെട്ട് കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനാവശ്യമായ സെമിനാർ, ചർച്ച, പരീക്ഷണ നിരീക്ഷണങ്ങളിലൂടെയുള്ള പഠനം ലളിതവും സാധ്യവുമാക്കി തീർക്കുക.

മാതൃഭാഷ, ദേവഭാഷ എന്നിവയുടെ വിനിമയം അനായാസമാക്കി തീർക്കുന്നതിനായി കഥ, കവിതാരചന, പോസ്റ്റർ നിർമ്മാണം, നാടകാഭിനയം, ഹിന്ദി-സംസ്കൃത അസംബ്ലികൾ കൂടുതൽ കാര്യക്ഷമമായി നടത്തണം.

ഗണിതം മധുരമാക്കാൻ വേണ്ടി ഗണിതപ്പാട്ട്, ഗണിതകളികൾ, പതിപ്പ് തയ്യാറാക്കൽ ഗണിതമേള, ഗണിത മാഗസിൻ, സെമിനാർ, പ്രോജക്ട് തുടങ്ങിയവ സംഘടിപ്പിക്കണം.

മൈ ഡിക്ഷ്നറി, മാഗസിൻ കോൺവർസേഷൻ മേക്കിങ് എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുക.

M.T.U.P.S
Date
Pin: 690540
THURUTHIKARA

6. കഥാ കഥനം : പാഠ പുസ്തകത്തിലെ
കഥകൾക്ക് പുറമെ ICT യുടെ
സഹായത്തോടെ ചെറിയ
കഥകൾ കേൾക്കുന്നതിന്
അവസരം ഒരുക്കുന്നു. കൂടെ
കുട്ടികൾക്ക് പരിചയമുള്ള
കഥകൾ മലയാളത്തിൽ പറ-
യുന്നതിന് അവസരം നൽകുന്ന
സംസ്കൃത പദങ്ങൾ നൽകി
ആ കഥ സംസ്കൃതത്തിൽ
പറയുന്നതിന് സഹായിക്കുന്നു

7. സംഭാഷണം. : സംസ്കൃത ഭാഷയിൽ കുട്ടികൾ
സംഭാഷണം ചെയ്യുന്നതിന്
വേണ്ടി പരസ്പര പരിചയം
വിദ്യാലയങ്ങളുടെ പരിചയം
തുടങ്ങിയ ക്ലാസ്സിന്റെ ആരംഭ-
ത്തിൽ തുടങ്ങിയ പ്രവർത്ത
നങ്ങൾക്ക് പുറമേ സംസ്കൃത
അസംബ്ലി, സംസ്കൃത ദിനാചരണ
സംസ്കൃത ക്ലബ്ബ് എന്നിവ
നടത്തുന്നു. കവിതാലാപനം
സംസ്കൃത പ്രാർത്ഥന, കവിത
ആലാപനം, സുഭാഷിതങ്ങൾ
ആപ്തവാക്യങ്ങൾ അവതരിപ്പി
പ്രഭാതത്തിൽ തുടങ്ങിയ ഇവ
കൾ അവതരിപ്പിക്കുന്നതിന്
അവസരം നൽകുന്നു. കൂടാ
ആചാര ഉപചാരങ്ങൾ,
പ്രശ്നവാചകൾ എന്നിവ
പ്രയോഗപ്പെടുത്തിയുള്ള
പരിചയപ്പെടുത്തിയുള്ള ഉൾപ്പെട്ട
ചെറിയ വാക്കുകൾ ഉൾപ്പെടു
ത്തിയുള്ള സംഭാഷണത്തിന്
പ്രോത്സാഹിപ്പിക്കുന്നു.

II

3. ആശയഗ്രഹണം: കുട്ടിപാഠങ്ങൾ പിരിച്ചെഴുതുക
പുതിയ പദങ്ങളുടെ അർത്ഥം
കണ്ടെത്തുക പദങ്ങളെ
ക്രമീകരിച്ചെഴുതുക എന്നീ
പ്രവർത്തനങ്ങൾ ഗ്രൂപ്പടിസ്ഥാ
നത്തിൽ ചെയ്യിക്കുന്നു. കുട്ടി
കൾ ക്ലാസ്സിൽ പ്രദർശിപ്പിക്കു
ന്നതിനും അവതരിപ്പിക്കുന്ന
തിനും അവസരം നൽകുന്നു
കുട്ടികൾ തയ്യാറാക്കിയവയിൽ
തിരുത്തലുകൾ ആവശ്യമുള്ള
ഇടങ്ങളിൽ ടീച്ചർ പറഞ്ഞ്
കൊടുക്കുന്നു. നന്നായി ചെയ്ത
കുട്ടികളെ അധ്യാപികയും
കുട്ടികളും അഭിനന്ദിക്കുന്നു

4. കവിതാലാപനം: ക്ലാസ്സിൽ പഠിച്ച കവിതകൾ
ഈണത്തിൽ ചൊല്ലുന്നു.
അതിനുശേഷം ആ കവിതയി
ലുള്ളതാവും ചില പദങ്ങൾ
അടിയിൽ വരനൽകിയിട്ട് അതി
നു പകരം ഉചിതമായ പദ
ചേർത്ത് കവിത മാറ്റി എഴുതു
ന്നതിനുവേണ്ട സഹായക
പദങ്ങൾ നൽകുന്നു. എഴു
നല്ല കവിതാലാപനത്തിന് പ്രോത്സാ
ഹന സമ്മാനം നൽകുന്നു.

5. കഥാരചന.
August & September
: സ്കൂൾ ലൈബ്രറിയിലുള്ള
ചെറിയ പുസ്തകങ്ങൾ പരി
ചയപ്പെടുത്തുന്നു. ഒരിട
ചിത്രകഥകൾ വായിച്ച് ആശയം
പറയുവാൻ പ്രോത്സാഹിപ്പിക്കുന്നു.
കുട്ടികൾ പറയുന്ന കഥകളിൽ
നിന്ന് മറ്റുകുട്ടികൾ കഥ (ചെറിയ)
കേൾക്കുന്നു. പാഠപുസ്തകത്തിലെ
പ്രവർത്തനം ക്രമീകരിച്ചെഴു
തുവാൻ പ്രേരിപ്പിക്കുന്നു.

# Acadamic master Plan-Sanskrit.

ഉദ്ദേശ/ലക്ഷ്യം : എഴുത്തിലും വായനയിലും ശേഷി കൈവരിച്ചിട്ടില്ലാത്ത കുട്ടികളെ തിരിച്ചറിയുക, പരിഹാരം നൽകുക.

പ്രവർത്തനം I: ചെറിയ ചെറിയ വാക്കുകൾ എഴുതിയ വായന കാർഡ് നൽകുന്നു. അത് വായിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. വായിക്കാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും എഴുതാൻ അവസരം നൽകുന്നു. ടീച്ചർ ചെറിയ വാക്കുകൾ ബോർഡിൽ എഴുതിയശേഷം ഓരോ അക്ഷരവും ചിഹ്നവും പ്രത്യേകം പറയുന്നു. കുട്ടികളെ ഗ്രൂപ്പായി വായിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. അതിനുശേഷം ചെറിയ വാക്കുകൾ എഴുതിക്കുന്നു.

June & July

1. എഴുത്തും വായനയും.

2. കവിതാപഠനം: ചെറിയ ചെറിയ സംസ്കൃത ഗീതങ്ങൾ ICT യുടെ സഹായത്തോടെ കേൾപ്പിക്കുന്നു. അതിനുശേഷം പാഠഭാഗത്തെ ചിത്രം നിരീക്ഷിച്ച് അതിൽ എന്തൊക്കെ ഉണ്ട് എന്ന് ചോദിക്കുന്നു. കുട്ടികൾ പറയുന്ന പേരുകൾ ബോർഡിൽ എഴുതുന്നു. സംസ്കൃതപദങ്ങൾ കൂടി പരിചയപ്പെടുത്തുന്നു. ശേഷം കവിതയിലെ വായിക്കാൻ കഴിയുന്ന വാക്കുകൾ വായിക്കാൻ പ്രേരിപ്പിക്കുന്നു. ഗ്രൂപ്പിൽ വായിക്കാൻ നിർദ്ദേശിക്കുന്നു. ടീച്ചർ രണ്ടു മൂന്ന് തവണ കവിത ചൊല്ലിയതിനുശേഷം ഗ്രൂപ്പിൽ ചൊല്ലാൻ പ്രേരിപ്പിക്കുന്നു. ICT സഹായത്തോടെ ചെറിയ കവിതകളുടെ ആലാപനം കേൾപ്പിക്കുന്നു.

# പ്രവർത്തനങ്ങൾ

1. പരീക്ഷണക്കളരി
2. ശാസ്ത്രവിസ്മയച്ചെപ്പുകൾ
3. ശാസ്ത്ര ലൈബ്രറി
4. ജൈവവൈവിധ്യ പാർക്ക്
5. മാസ്റ്റർമൈന്റ്

കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതും അന്വേഷണത്വരത വർദ്ധിപ്പിക്കാൻ ഉതകുന്നതുമായ പ്രവർത്തനങ്ങളാണ് അടിസ്ഥാനശാസ്ത്രത്തിന്റെ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികളിൽ രൂപീകരിച്ചിരിക്കുന്ന 5 ടീമ് പ്രവർത്തനങ്ങളിലൂടെ ശാസ്ത്രത്തെ നൂതന ആശയങ്ങൾ, ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകൾ എന്നിവ മനസ്സിലാക്കാനും പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകതയിലൂടെ ചെറുവിത്തുകൾ പാകാനും സാധിക്കുന്നു.

| | | | |
|---|---|---|---|
| To improve reading skill | * Library<br>* Reading corner in the class<br>* Newspaper Reading<br>* picture reading<br>* Journals of great personalities<br>* Reading Signboards and posters (ICT)<br>* Using Reading materials effectively | Daily practice | English teacher |
| To improve writing skill | * English workshops<br>* wall magazines<br>* writing letters on postal cards<br>* Self Dictionary, Poster making<br>* English Magazine<br>* Caption writing Competition<br>* Dairy writing<br>* Newspaper Reports<br>* writing stories, Speech etc. | November<br>December to March | |

| Aims | Activities | Duration | Duty |
|---|---|---|---|
| To improve listening skill | * Listening of poems (ICT)<br>* English News channels and Radio<br>* Skit and Conversation<br>* watching English movies Documentary interviews<br>* Listening to phonetic Sounds. | June to August<br>Daily | English teacher |
| To improve speaking skill | * English day<br>* English assembly<br>* Game instructions<br>* skit and conversation<br>* Day celebration<br>* Speech on different topics<br>* Conducting quiz Competitions<br>* Conducting short Seminars group discussions etc | August to October<br>weekly<br>monthly<br>monthly | English teacher |

| | | |
|---|---|---|
| നവോദ്ധാനം | ഒക്ടോബർ | |
| കടമകൾ (പ്രവൃത്തി പഥത്തിൽ | നവംബർ | |
| ലിംഗനീതി നേരിടുന്ന വെല്ലുവിളികൾ | ഡിസംബർ & ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| ഡോക്യുമെന്ററി നിർമ്മാണം. | ഫെബ്രുവരി | |

ACADEMIC MASTER PLAN

| | | | |
|---|---|---|---|
| ബുള്ളറ്റിൻ ബോർഡ് | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിക്കുന്ന ചിത്രങ്ങൾ വാർത്തകൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപിക |
| ഭൂപടവിശകലനം | ഭൂമിശാസ്ത്രവും ചരിത്രവുമായി ബന്ധപ്പെട്ട ആശയ രൂപീകരണത്തിന് | ഒക്ടോബർ | |
| സാമൂഹ്യശാസ്ത്ര ക്ലബ് | സ്കൂൾ തുറക്കുന്ന ആഴ്ച്ചയിൽ ക്ലബ് രൂപീകരിക്കുന്നു പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു | monthly programme June to march | |
| പ്രശ്നോത്തരി | ദിനാചരണങ്ങളുമായി മഹത്‌വ്യക്തിത്വങ്ങളുമായി ബന്ധപ്പെട്ട ദിനങ്ങളിൽ മത്സരം നടത്തപ്പെടുന്നു. | weekly | |
| സാമൂഹ്യശാസ്ത്ര ലാബ് | പഠനഭാഗവുമായി ബന്ധപ്പെട്ട ചാർട്ടുകൾ ICT സൗകര്യങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ക്ലാസുകൾ നയിക്കുന്നു. | weekly | |

| | | | |
|---|---|---|---|
| 3. ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഫോറം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | ഒരു പ്രാവശ്യം | ഗണിത അധ്യാപിക ക്ലബ് ലീഡർമാർ. |
| 4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ. ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പോലുള്ള പ്രവർത്തനങ്ങൾ ഐ. ടി. സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | <u>ഗണിത ശിൽപ്പശാല</u><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ... ഉപയോഗിക്കുന്നു. | ജൂലൈ | ഗണിത അധ്യാപിക |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | <u>ഒറിഗാമി ശിൽപ്പശാല</u><br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്ന പ്രദർശനം സംഘടിപ്പിക്കൽ. | ഒരു പ്രാവശ്യം | ഗണിത അധ്യാപിക<br>ഗണിത ക്ലബ് അംഗങ്ങൾ. |

| | | |
|---|---|---|
| • ഹിന്ദി വായന<br>തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | • പുസ്തകവായന വഴി ഭാഷയെ മനസ്സിലാക്കാനും താല്പര്യത്തോടെ സംവദിക്കാനുമുള്ള അവസരം. വാക്യങ്ങൾക്ക് പ്രാധാന്യം നൽകി ആശയ സഹിതം എഴുതാനുള്ള സാധ്യത ഉണ്ടാക്കുന്നു.<br><br>ദിനാചരണങ്ങൾ<br>ഹിന്ദി മനോരഞ്ജൻ മഞ്ച്<br>• सुरीली हिन्दी<br>हिन्दी गीत, एकांकी, नाटक, चित्र खेल, विभिन्न विधाओं को सही ढंग में लिखने का अवसर। | |

## മേഖല യു.പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അക്ഷരങ്ങൾ മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | • പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടുത്തൽ.<br>• ചിത്രങ്ങൾ, അക്ഷരമാലാ ചാർട്ട് സിഡി യിൽ അക്ഷര രചന കാണിക്കൽ എന്നിവ കൊടുപ്പിക്കുക, കാർഡ് (പ്രോജക്ടറിൽ नाम पट्टियाँ, सूचना पट, फ्लाकार्ड, चित्र कहानी, समाचार, लेख, पोस्टर, वाचन कार्ड, कविता-कहानी लेखन. दृश्य-श्रव्य माध्यमों के सहायता से)। | |

# വാർഷിക കലണ്ടർ

ജൂൺ ആദ്യം തന്നെ വാർഷിക കലണ്ടർ തയാറാക്കിയിട്ടുണ്ട്. പ്രവേശനോത്സവം മുതൽ വാർഷികം വരെയുള്ള കാര്യങ്ങൾ, ദിനാചരണങ്ങൾ എല്ലാം കലണ്ടറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## പ്രതിമാസ കലണ്ടർ

പ്രതിമാസ കലണ്ടർ എല്ലാ മാസവും ആദ്യവാരം തന്നെ തയാറാക്കും. മാസത്തിൽ നടത്തേണ്ട അക്കാദമിക പ്രവർത്തനങ്ങൾ, മേളകൾ, ക്വിസ് മത്സരങ്ങൾ എല്ലാം.

## ദിനാചരണം

ദിനാചരണങ്ങൾ എല്ലാം തന്നെ അർഹിക്കുന്ന പ്രാധാന്യത്തോടെ അതാത് ദിവസങ്ങളിൽ ചുമതലപ്പെട്ട അധ്യാപകരുടെ നേതൃത്വത്തിൽ രാവിലെ 9.30 യ്ക്ക് കൂടുന്ന അസംബ്ലിയിൽ പ്രമുഖ വ്യക്തികളെ കൂടെ ഉൾപ്പെടുത്തി ആചരിക്കുന്നു. കൂടാതെ ദിനാചരണത്തോട് അനുബന്ധിച്ച് ഉച്ചക്ക് കുട്ടികൾക്ക് ക്വിസ് പ്രോഗ്രാമുകൾ നടത്തുകയും വിജയികൾക്ക് സമ്മാന വിതരണം നടത്തുകയും ചെയ്യുന്നു.